# ഇസ്‌ലാമിലെ അനന്തരാവകാശ നിയമം: അതുല്യം, സംശുദ്ധം, നീതിനിഷ്ഠം

പ്രകൃത്യാ നമ്മോട് അടുത്ത ബന്ധവും വാത്സല്യവുമുള്ള എല്ലാവരുടെയും സകലമാന താൽപര്യങ്ങളും ഇസ്‌ലാമിക അനന്തരാവകാശ നിയമത്തിൽ കണക്കിലെടുത്തതായി കാണുന്നു. ഇസ്‌ലാമിക അനന്തരാവകാശത്തേക്കാൾ നീതിനിഷ്ഠമായ, ധാർമികാടിസ്ഥാനത്തിലുള്ള വ്യവസ്ഥകൾ അടങ്ങിയ വേറൊരു നിയമസമുച്ചയത്തെപ്പറ്റി ഊഹിക്കാൻ കൂടി പ്രയാസമാണ്.

– സർ. വില്യം മഗ്നാട്ടൻ

* * * * * *

വളരെ ക്ഷണത്തിലും പെട്ടെന്നും ശരിയായ ഉത്തരം കണ്ടുകിട്ടാൻ കഴിയാത്ത യാതൊരു പ്രശ്നവും മുസ്‌ലിം അനന്തരാവകാശ നിയമത്തിൽ വരുന്നില്ലെന്ന് ഞാൻ ഉറപ്പായി വിശ്വസിക്കുന്നു.

– സർ വില്യം ജോൺസ്

* * * * * *

ലോകം കണ്ട നിയമസമുച്ചയങ്ങളിൽ, സ്വത്ത് പിന്തുടർച്ചാവകാശത്തെസ്സംബന്ധിച്ച ഏറ്റവും സംശുദ്ധവും വിശദവുമായ ചട്ടങ്ങളാണ് 'മുഹമ്മദൻ ലാ' ഉൾക്കൊള്ളുന്നതെന്ന കാര്യത്തിൽ തർക്കമില്ല.

–പ്രഫ. റുംസി

* * * * * *

മരിച്ചയാളുടെ സ്വത്തുവഹകളിൽ സാർവദേശീയ പിന്തുടർച്ചക്കനുസാരമായി ഓഹരി ലഭിക്കാൻ അവകാശപ്പെട്ട വ്യക്തികൾക്കോ ഏകരൂപമായ വ്യക്തി സമൂഹത്തിനോ അവർ ന്യായമായും ആഗ്രഹിക്കുന്ന ഓഹരികൾ വെവ്വേറെ ലഭ്യമാക്കുന്നതിലും മരിച്ചയാളുടെ എല്ലാ ബന്ധുക്കളും തമ്മിലുള്ള അവകാശത്തർക്കങ്ങളെ നീതിയോടു കൂടി പരിഹരിച്ച് അവർക്കവകാശപ്പെട്ട ഓഹരി നൽകുന്നതിലും മുസ്‌ലിം അനന്തരാവകാശ നിയമം വിജയിച്ചിരിക്കുന്നു. ഈ വിജയവും ആ നിയമത്തിന്റെ സമ്പൂർണതയും നിമിത്തം മുസ്‌ലിം അന്തരാവകാശ നിയമം എക്കാലത്തും ശ്ലാഘിക്കപ്പെട്ടിട്ടുണ്ട്.

– ബദ്റുദ്ദീൻ ത്വയ്യിബ്ജി

* * * * * *

ഇസ്‌ലാമിക അനന്തരാവകാശനിയമം ലോകത്ത് ഇന്നേവരെ ഉണ്ടായിട്ടുള്ള ഏത് അനന്തരാവകാശ നിയമത്തേക്കാളും എല്ലാംകൊണ്ടും മെച്ചപ്പെട്ടതാണ്. അത് മുതലാളിത്ത വ്യവസ്ഥിതിയെ തകർക്കുകയും സ്ഥിതിസമത്വത്തെ പ്രകടമാക്കുകയും ചെയ്യുന്നതോടൊപ്പം വ്യക്തികൾ തമ്മിലുള്ള രക്തബന്ധം വളരെ കർശനമായി കണക്കിലെടുത്തുകൊണ്ട് എന്നും എവിടെയും യോജിക്കത്തക്കവിധത്തിൽ തയാറാക്കപ്പെട്ടിട്ടുള്ള ഏറ്റവും സുന്ദരമായ നിയമസംഹിതയാണ്.

–സയ്യിദ് അമീർ അലി